DARUL HUDA ISLAMIC UNIVERSITY

# ദാറുൽഹുദാ സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി എഡ്യുക്കേഷൻ ബോർഡ് മീറ്റിംഗ് റിപ്പോർട്ട്

ദാറുൽ ഹുദാ സെക്കന്ററി ആന്റ് സീനിയർ സെക്കന്ററി എഡ്യുക്കേഷൻ ബോർഡ് മീറ്റിംഗ് 04/10/2022 ചൊവ്വാഴ്ച ഉച്ചക്ക് 2:15 മുതൽ 04:20 വരെ ദാറുൽ ഹുദാ മീറ്റിംഗ് ഹാളിൽ ചേർന്നു.

ബോർഡ് ഡയറക്ടർ ഡോ.അബ്ദുറഹ്മാൻ അരീക്കാടൻ അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി സ്വാഗതം പറഞ്ഞ യോഗം വൈസ് ചാൻസലർ ഉസ്താദ് ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി ഉദ്ഘാടനം ചെയ്തു.

ദാറുൽ ഹുദാ സെക്കന്ററി കാലഘട്ടം ഏറെ നിർണായകമാണെന്നും ഈ കാലയളവിൽ ഏറ്റവും മികച്ച പാഠ്യപദ്ധതി ആവിഷ്കരിക്കുന്നതിന്റെയും വിദ്യാർത്ഥികളോടുള്ള മന:ശാസ്ത്രപരമായ സമീപനങ്ങൾക്കും ഇടപെടലുകൾക്കും സഹായകരമാവുന്ന പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നൂതനമായ ശൈലിയിൽ രൂപപ്പെടുത്തുന്നതിന്റെ പ്രാധാന്യവും ആവശ്യകതയും ബഹു. വൈസ് ചാൻസലർ ഉദ്ഘാടന ഭാഷണത്തിൽ ഉണർത്തി.

വിദ്യാർത്ഥികൾക്കായി നാം തയ്യാറാക്കുന്ന ഭാരിച്ച സിലബസ് കുറ്റമറ്റതാക്കണമെന്നും ബോർഡിന്റെ തീരുമാനങ്ങൾ ശ്രമകരമായ യത്നത്തിലൂടെ പൂർത്തീകരിക്കുന്ന കരിക്കുലം കമ്മിറ്റി അംഗങ്ങളുടെ ശ്രമങ്ങൾ ഏറെ പ്രശംസനീയമാണെന്നും ഡയറകടർ ഡോ. അബ്ദുറഹ്മാൻ അരീക്കാടൻ അറിയിച്ചു. ഈ അക്കാദമിക വർഷത്തിൽ നടപ്പിലാക്കിയ സി.സി.ഇ. റെക്കോർഡ് ബുക്ക്, മെന്ററിംഗ് റെക്കോർഡ് ബുക്ക് തുടങ്ങിയവ അഭിമാനകരമായ നേട്ടങ്ങളാണെന്നും അവയുടെ കാര്യക്ഷമതയും കൃത്യതയും ഉറപ്പ് വരുത്താനുള്ള തുടർ പ്രവർത്തനങ്ങൾ ഉണ്ടാവണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**പങ്കെടുത്തവർ**

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ
3. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
4. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
5. ഇബ്രാഹീം കുട്ടി മാസ്റ്റർ
6. അബ്ദുൽ ജലീൽ ഹുദവി ബാലയിൽ
7. ഹാരിസ് ഹുദവി മടപ്പള്ളി
8. പി.കെ അബ്ദുന്നാസ്വിർ ഹുദവി
9. അബ്ദുല്ല ഹുദവി വേങ്ങര
10. ഡോ. അബ്ദുർറഫീഖ് ഹുദവി പൂകൊളത്തൂർ
11. അലിഹസൻ ഹുദവി കോട്ടക്കൽ

**അജണ്ട**

## 1.മുൻ യോഗ റിപ്പോർട്ട് അവലോകനം

രജിസ്ട്രാർ ഡോ.റഫീഖ് ഹുദവി കരിമ്പനക്കൽ മുൻ യോഗ റിപ്പോർട്ട് അവലോകനം ചെയ്തു. കഴിഞ്ഞ മീറ്റിംഗിലെ ഏറെക്കുറെ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി.

ഖുർആൻ ആന്റ് റിലേറ്റഡ് സയൻസ് മുന്നോട്ടു വെച്ച തദാറുസ് കോഴ്സ്(സഊദി അറേബ്യ) കമ്യൂണിക്കേഷൻ സുഗമമായി നടക്കാത്തതിനാൽ തല്ക്കാലം നടപടികൾ നിറുത്തി വെച്ചിട്ടുണ്ടെന്നും ലേണിംഗ് ഔട്ട്കം, ഹദീസ് പഠന പരമ്പര പുസ്തകം, തയ്സീറുൽ വിൽദാനിന്റെ വർക്ക് ബുക്ക് എന്നിവകളുടെ നിർമാണം പൂർത്തിയായി ക്കൊണ്ടിരിക്കുന്നുവെന്നും രജിസ്ട്രാർ അറിയിച്ചു.

## 2.കരിക്കുലം കമ്മിറ്റി നിർദേശങ്ങൾ അന്തിമമാക്കുക.

18/09/'22 മുതൽ 04/10/'22 കാലയളവിൽ നടന്ന വിവിധ കരിക്കുലം കമ്മിറ്റി യോഗങ്ങളിലെ നിർദേശങ്ങൾ യോഗത്തിന് മുമ്പാകെ അവതരിപ്പിച്ചു.

**നിർദേശങ്ങളും അനുബന്ധ ചർച്ചകളും താഴെ ചേർക്കുന്നു.**

### 2.1-Qura'n & Related Sciences

2.1.1 വിദ്യാർത്ഥികളുടെ ഖുർആൻ പാരായണ മികവിന് വേണ്ടിയും സ്ഥാപനങ്ങളിലെ പാരായണവും തജ് വീദും മോണിറ്റർ ചെയ്യാനും വേണ്ടി ഹാസിബിനെ നിയമിക്കുക.

### 2.2-Hadith & Principles

2.2.1 മിശ്കാത്തിന്റെ മുഖദ്ദിമക്ക് തശ്ജീർ തയ്യാറാക്കുക.
2.2.2 ഒന്നാം ക്ലാസിലെ പരീക്ഷാ ചോദ്യപ്പേപ്പറിൽ ചോദ്യങ്ങൾ മലയാളത്തിലും നൽകുക.

*(സെക്കന്ററി ആദ്യ വർഷം ഹദീസ് ചോദ്യ പേപ്പറിൽ മലയാള പരിഭാഷകൂടി ഉൾപെടുത്തുക എന്ന ഹദീസ് കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശം ബോർഡ് വിലയിരുത്തുകയും മലയാളം പരിഭാഷയായി കൊടുക്കുന്നത് നിലവാരം കുറയാൻ കാരണമാവുമെന്നും ചോദ്യ പേപ്പറുകൾ നേരെത്തെ കുട്ടികൾക്ക് പരിചയപ്പെടാൻ അവസരം നൽകിയും പരീക്ഷ വേളയിൽ കൂൾ ഓഫ് ടൈം അനുവദിച്ചും കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാവുന്നതാണെന്നും നിർദ്ദേശിച്ചു)*

*(എല്ലാ വിഷയങ്ങൾക്കും question പാറ്റേണും മോഡലും സിലബസ് പുസ്തകത്തിൽ പ്രസിദ്ധീകരിക്കുക. പ്രധാനപ്പെട്ട വിഷയങ്ങൾക്ക് മോഡൽ പരീക്ഷ ഔദ്യോഗികമായി നടത്തുക)*

2.2.3 *രി*യാളുസ്സ്വാലിഹീന്റെ മുഖദ്ദിമ കേന്ദ്രീകരിച്ച് S3, S4, S5 എന്നീ ക്ലാസുകളിലേക്ക് ഹദീസ് പഠനം ഉൾകൊള്ളുന്ന പുസ്തക പരമ്പര തയ്യാറാക്കുക.
2.2.4 കിതാബ് അടിസ്ഥാനമാക്കി ഓറിയന്റേഷൻ നൽകുക.
2.2.5 ഹദീസിലെ മുഴുവൻ ക്ലാസുകളിലെയും പാഠഭാഗങ്ങൾക്ക് തീമാറ്റിക് പ്രസന്റേഷൻ തെയ്യാറാക്കുക

.

*(നിലവിലെ ഹദീസ് ഗ്രന്ഥങ്ങൾ ഏറെക്കുറെ തീമാറ്റിക് പ്രസന്റേഷൻ ആണ്. ഓരോ ബാബിന്റെയും പ്രധാനപ്പെട്ട ഹദീസിന്റെയും അനാലിറ്റിക്കൽ അപ്രോച്ച് തയ്യാറാക്കുന്നത് ഉചിതമായിരിക്കും.)*

## 2.3-Fiqh & Usul al-Fiqh

2.3.1 S1ലെ മത്നുസഫീനതിന്നജാത്ത് വർക്ക് ബുക്ക് ചേർത്ത് തശ്ജീറായി പരിഷ്കരിക്കുക

2.3.2 ഫത്ഹുൽ മുഈനിലെ ഓരോ ബാബിലെയും ആധുനിക മസ്അലകൾ ലിസ്റ്റ് ചെയ്യുക.

2.3.3 മുആമലാത്, ഫറാഇള് എന്നീ വിഷയങ്ങളുടെ ക്ലാസുകൾ റെക്കോർഡ് ചെയ്ത് അധ്യാപകർക്ക് നൽകുക.

2.3.4 ഫത്ഹുൽ മുഈൻ, ഫിഖ്ഹുൽ അഥ്ഫാൽ എന്നീ കിതാബുകൾക്ക് അഭ്യാസങ്ങളും പഠന പ്രവർത്തനങ്ങളും ശാസ്ത്രീയമായി തയ്യാറാക്കുക.

## 2.4-Aqidah & Thasawwuf

2.4.1 ജവാഹിറുൽ കലാമിയ്യയും തൻവീറുൽ ഖുലൂബും പഠിപ്പിക്കുന്ന അധ്യാപകർക്ക് പ്രതേക പരിശീലന ക്യാമ്പ് സംഘടിപ്പിക്കുക.

2.4.2 നിലവിൽ വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നും അഭിമുകീകരിക്കുന്ന ആധുനിക വാദങ്ങളുടെയും ലിബറൽ ചിന്താഗതിയുടെയും ചോദ്യങ്ങൾ ക്രോഡീകരിച്ചു അധ്യാപകർക്ക് അതുമായി ബന്ധപ്പെട്ട ഒറിയന്റെഷൻ നൽകുക.

2.4.3 തസവ്വുഫ് രംഗത്ത് വായിച്ചിരിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക

## 2.5-Translation & Composition

2.5.1 S3 മുതൽ SS2 വരെയുള്ള മുഴുവൻ പുസ്തകങ്ങളും റിവ്യൂ ചെയ്യുക.

2.5.2 S2 വിൽ നിത്യജീവിതവുമായി ബന്ധപ്പെട്ടതും S3യിൽ ആരോഗ്യം, കായികം, S4 ൽ സയൻസ്& ടെക്നോളജി, S5യിൽ രാഷ്ട്രീയം അന്തർദേശീയം SS1ൽ വാണിജ്യം, വ്യവസായം, SS2വിൽ നിയമം, നീതിന്യയം എന്ന നിലക്കാണ് ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കിയി ട്ടുള്ളത്

2.5.3 മുഴുവൻ ക്ലാസുകളിലേക്കും ചോദ്യ പേപ്പറിന്റെ മോഡൽ തെയ്യാറാക്കുക.

2.5.4 ട്രാൻസ്ലേഷനുമായി ബന്ധപ്പെട്ട റിസോഴ്സുകൾ ലഭ്യമാകുന്ന ടെലഗ്രാം ചാനൽ തയ്യാറാക്കുക.

## 2.6-Arabic

2.6.1 സെക്കന്ററി രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി ഈ വർഷം തയ്യാറാക്കിയ في علم الصرف എന്ന പുസ്തകം റിവ്യൂ ചെയ്യുക.

## 2.7-English

2.7.1 S1 ലെ ഇംഗ്ലീഷ് പുസ്തകം ആകർഷണീയമായ രൂപത്തിൽ പരിഷ്കരിക്കുക.

2.7.2 ലിസണിംഗിനും സ്പീകിംഗിനും പ്രാധാന്യം നൽകി പ്രാക്ടിക്കൽ പരീക്ഷ ആവിഷ്കരിക്കുക.

2.7.3 ഇതിന്റെ മൂല്യനിർണയം ചെറിയ ക്ലാസുകളിൽ CCE യിലൂടെയും ഡിഗ്രി ക്ലാസ്സുകളിൽ SA ആയി ട്ടും നടത്തുക.

## 2.8-Urdu

2.8.1 സെക്കന്ററി ക്ലാസുകളിലെ ഉറുദു ഗ്രാമർ പുസ്തകമായ ഗുൽസാറെ ഉറുദു മുഴുവൻ ക്ലാസ്സുകളിലേതും റിവ്യൂ ചെയ്യുക.

2.8.2 ആദ്യ ക്ലാസിലെ പരിഷ്കരിച്ച ഉറുദു ഗ്രാമർ പതിപ്പ് അടുത്ത വർഷം വിതരണം ചെയ്യുക

## 2.9-Islamic History

2.9.1 S1 മുതൽ S4 വരെയുള്ള ഇസ്ലാമിക ചരിത്ര പഠനത്തിൽ നിലവിലെ പുസ്തകങ്ങൾ അപര്യാപ്തമാണ്. ചരിത്രാവതരണ രൂപത്തിൽ തയ്യാർ ചെയ്ത പുസ്തകങ്ങൾ കണ്ടെത്തുന്നത് ഉചിതമാണ്.

*(അമേരിക്കയിലെ മുസ്‌ലിം സ്കൂളുകളിൽ മികച്ച മോഡലുകൾ ലഭ്യമാണെന്ന് രജിസ്ട്രാർ കൂട്ടിച്ചേർത്തു)*

## 2.10-Social Sciences

2.10.1 സ്ഥാപനങ്ങളിൽ സോഷ്യൽ ലാബ് സംവിധാനിക്കുക.

2.10.2 സോഷ്യൽ ഇഷ്യൂകളുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി, സിലബസ് സംബന്ധിയായ ക്വിസ് മത്സരങ്ങൾ മുതലായവ സ്ഥാപനങ്ങൾക്കിടയിൽ സംഘടിപ്പിക്കുക.

2.10.3 എക്കോണമിക്സ് വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് പ്രത്യേക വർക്ക് ഷോപ്പ് സംഘടിപ്പിക്കുക.

## 2.11-Mathematics

2.11.1 സീനിയർ സെക്കന്ററി ആദ്യ വർഷത്തിലെ രണ്ടാം സെമസ്റ്ററിലേക്ക് കമ്മിറ്റി തയ്യാറാക്കിയ മൊഡ്യൂൾ അടുത്ത സെമസ്റ്ററിൽ വിതരണം ചെയ്യുക

## 2.12-Natural Sciences

2.12.1 സീനിയർ സെക്കന്ററി ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി തെയ്യാറാക്കിയ മൊഡ്യൂൾ അടുത്ത സെമസ്റ്ററിൽ വിതരണം ചെയ്യുക.

2.12.2 പ്രാക്ടിക്കലിന് മാന്വൽ തയ്യാറാക്കുക

## 2.13-Information Technology

2.13.1 S1 മുതൽ S5 വരെയുള്ള ക്ലാസ്സുകൾക്ക് തയ്യാറാക്കിയ മൊഡ്യൂൾ അനുസരിച്ച് സ്റ്റഡി മെറ്റീരിയൽ തയ്യാറാക്കുക.

2.13.2 പ്രാക്ടിക്കലായി പഠിപ്പിക്കാൻ നിലവിലുള്ള പിരീഡിൽ നിന്നും ഒരു പിരീഡ് കൂടി വർധിപ്പിക്കുന്നത് ഉചിതമാകും.

2.13.3 കമ്പ്യൂട്ടറുകളുടെ എണ്ണം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സംവിധാനിക്കുക.

***(നിലവിലുള്ള അനുപാതം മികച്ചതാണെന്ന് സമിതി വിലയിരുത്തി)***

## 2.14-General Discussions

### CCE

2.14.1 നിലവിൽ ഈ വർഷം കൊണ്ട് വന്ന റെക്കോർഡ് ബുക്ക് വർക്കുകൾ കാര്യക്ഷമമാക്കാൻ ഉപകരിച്ചിട്ടുണ്ടെന്ന് യോഗങ്ങൾ വിലയിരുത്തുന്നു.

2.14.2 ശാസ്ത്രീയമായും സമയബന്ധിതമായും വർക്കുകൾ നൽകാത്തതിനാലും ഏതാനും ചില വിഷയങ്ങളിലെ പിരീഡുകളുടെ കുറവുവന്നതിനാലും ചില അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രയാസം അനുഭവപ്പെട്ടു.

2.14.3 നിലവിൽ നിർദേശിക്കപ്പെട്ട ആക്ടിവിറ്റികൾ വിജയകരമായി പൂർത്തീകരിച്ചവരും പലകാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാത്തവരും ഉണ്ട്.

2.14.4 എല്ലാവരെയും പരിഗണിച്ച് നിലവിൽ നിർദേശിച്ച മാക്സിമം ഏഴ് എന്നുള്ളത് നാല് മുതൽ ഏഴ് വരെ എന്നാക്കി ക്രമീകരിക്കുക.(ലെവൽ1: 1-3, ലെവൽ2 1-2 ലെവൽ3: 1, ലെവൽ4: 1)

## 2.15-Syllabus feedback

2.15.1 അധ്യാപകരിൽ നിന്നും കൃത്യമായ ഫീഡ്ബാക്ക് കമ്മിറ്റിക്ക് ലഭിക്കുന്നില്ല.

2.15.2 സ്ഥാപനങ്ങൾക്ക് ഫീഡ്ബാക്ക് ബുക്ക് വിതരണം ചെയ്ത് നിശ്ചിത ഇടവേളകളിൽ സമർപ്പിക്കാൻ അവസരം നൽകുക.

## 2.16-Teaching Methodology

2.16.1 അധ്യാപകരുടെ അധ്യാപന ശൈലിയെ കുറിച്ച് ചർച്ചകൾ വന്നു. പ്രതേകിച്ച് ഭാഷാ വിഷയങ്ങൾ അതത് ഭാഷകളിൽ തന്നെ പഠിപ്പിക്കാൻ അധ്യാപകർ വിമുഖത കാണിക്കുന്നുവെന്ന് യോഗം വിലയിരുത്തി.

2.16.2 അധ്യാപന നിയമനത്തിലെ കാര്യക്ഷമതയും ടീച്ചർ ഡെവലപ്മെന്റ് പ്രോഗ്രാമുകളും ഇൻസ്പെക്ഷനും വ്യവസ്ഥാപിതമായി നടത്തണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

## 2.17-Teaching and Learning Resources

2.17.1 മലയാളം,അറബി, ഇംഗ്ലീഷ്, ഉറുദു എന്നീ ഭാഷകളിലും തസവ്വുഫ്, അഖീദ തുടങ്ങിയ വിഷയങ്ങളിലും വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ ക്ലാസുകളനുസരിച്ച് പുനപ്രസിദ്ധീകരിക്കുക.

2.17.2 ഭാഷാ വിഷയങ്ങളിൽ നൽകപ്പെടുന്ന വീഡിയോകൾ ഔട്ട്കം ഓറിയന്റായി നിർണ്ണിതപ്പെടുത്തുക.

*(ഇതിനായി നിലവിൽ അന്താരാഷ്ട്ര തലത്തിൽ ലഭ്യമായ വീഡിയോകൾ ഉപയോഗപ്പെടുത്തുന്നതായിരിക്കും ഉചിതമെന്ന് ഹാരിസ് ഹുദവി മടപ്പള്ളി അഭിപ്രായപ്പെട്ടു.)*

.

## 3.കരിക്കുലം കമ്മിറ്റി ഘടനക്ക് അംഗീകാരം നൽകൽ

കരിക്കുലം കമ്മിറ്റിയുടെ പരിഷ്കരിച്ച ഘടന യോഗം അംഗീകരിച്ചു.

ഘടന താഴെ ചേർക്കുന്നു:

| DARUL HUDA ISLAMIC UNIVERSITY<br>Curriculum Committee Structure-2022 | |
|---|---|
| **Designation** | **Specification** |
| **Coordinator** | Subject Expert<br>(4 Years experience in DH system) |
| **Member 1** | DH Varsity Campus Secondary Staff-1<br>(2 Years experience in DH system) |
| **Member 2** | DH UG Secondary Staff - 1<br>(3 Years experience in DH system) |
| **Member 3** | DH UG Secondary Staff - 2<br>(3 Years experience in DH system) |
| **Member 4** | DH UG Staff - 3<br>(Only if required) |
| **Member 5** | DH UG Staff -4<br>(Only if required) |
| **Member 6** | DH UG NIICS Staff - 1<br>(2 Years experience in DH system) |
| **Member 7** | DH UG NIICS Staff - 2<br>(Only if required) |
| **Member 8** | DH UG Womens College Staff - 1<br>(Only if required) |
| **Member 9** | External Resource |
| **Member 10** | External Resource<br>(Only if required) |

## 4.സി.സി.ഇ. യുടെയും മെന്ററിംഗിന്റെയും റെക്കോർഡ് പുസ്തകങ്ങളുടെ അവലോകനം

ഈ വർഷം നടപ്പിലാക്കപ്പെട്ട സി.സി.ഇ. യുടെയും മെന്ററിംഗിന്റെയും റെക്കോഡ് പുസ്തകങ്ങൾ അംഗങ്ങൾ വിലയിരുത്തി. വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഇവകളുടെ പങ്ക് നിസ്തുലമാണെന്നും ക്രിയേറ്റീവും ഇന്നോവേറ്റീവുമായ ആക്ടിവിറ്റികളും അസെസ്മെന്റുകളും ഉറപ്പ് വരുത്താനുള്ള നിർദേശങ്ങളും വിലയിരുത്തലുകളും അനിവാര്യമാണെന്നും അടുത്ത വർഷം അധ്യാപകർക്ക് കൂടി മെന്ററിംഗ് റെക്കോർഡ് ബുക്ക് വിതരണം ചെയ്യണമെന്നും യോഗം നിർദേശിച്ചു.

## 5.ബിഹാവിയറൽ സർട്ടിഫിക്കറ്റ് കോഴ്സ്

ദാറുൽ ഹുദാ അധ്യാപകർക്കായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ബിഹാവിയറൽ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഡ്രാഫ്റ്റ് ക്വാളിറ്റി ഓഫീസ് കോർഡിനേറ്റർ അമീറലി അവതരിപ്പിച്ചു. ഓൺലൈനും ഓഫ്ലൈനും ചേർന്ന ബ്ലൻഡഡ് മോഡാണ് ഉചിതമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ഈ കോഴ്സ് ദാറുൽ ഹുദാ വിദ്യാഭ്യാസ സംവിധാനത്തിലെ മുഴുവൻ അധ്യാപകർക്കും നിർബന്ധിതവും സൗജന്യവുമായി നൽകുകയും അധ്യാപക അപ്രൈസലുമായി ബാധിപ്പിക്കുകയും ചെയ്യണമെന്ന് ധാരണയായി. ദാറുൽ ഹുദാ പൊതു വിദ്യഭ്യാസ വിഭാഗം CPET നായിരിക്കും ഈ കോഴ്സ് നടത്തിപ്പിന്റെ ഉത്തരവാദിത്തമെന്നും ഒന്നര വർഷം കൊണ്ട് മുഴുവൻ അധ്യാപകർക്കും കോഴ്സ് പൂർത്തീകരിക്കാനുള്ള അവസരമുണ്ടാവണമെന്നും യോഗം അഭിപ്രായപ്പെട്ടു.

പി.ജി വിദ്യാർത്ഥികൾക്കായി നൽകപ്പെടുന്ന അധ്യാപന പരിശീലന പദ്ധതികൾ ഇതിലേക്ക് കൂട്ടിച്ചേർക്കേണ്ടതില്ലെന്നും അവർക്കായി ഒരു കോഴ്സ് പുതിയതായി തയ്യാറാക്കുന്നതാവും ഗുണകരമെന്നും യോഗത്തിൽ തീരുമാനമായി.

## 6.ഹയർ സെക്കന്ററി സയൻസ് അഡ്മിഷൻ

ഹയർ സെക്കന്ററിയിൽ സയൻസ് അഡ്മിഷനുവേണ്ടി വന്ന അപേക്ഷ രജിസ്ട്രാർ അവതരിപ്പിച്ചു. ഇത്തരത്തിലുള്ള എല്ലാ അപേക്ഷകളും വിദ്യാർത്ഥികളുടെ കഴിവും സാഹചര്യങ്ങളും വിലയിരുത്തി ദാറുൽ ഹുദാ പഠനത്തിന് പ്രയാസകരമാകാത്ത രീതിയിൽ കേസ് റ്റു കേസായി പരിഗണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

## 7.പൊതു ചർച്ചകൾ

7.1 സെക്കന്ററി സീനിയർ സെക്കണ്ടറി പൊതു വിദ്യാഭ്യാസം നിയോസിൽ നിന്നും കേരളാ സിലബസിലേക്ക് മാറാനുള്ള സാധ്യതകളെ കുറിച്ചുള്ള പഠനം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു. ഈ വർഷം NIOS തന്നെ തുടരണമെന്നും ദാറുൽ ഹുദാ മാനേജ്മെന്റ് കമ്മിറ്റി ഏല്പിച്ച സമിതിയുടെ തീരുമാനം വൈകാതെ ഉണ്ടാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദാറുൽ ഹുദാ പോലെയുള്ള സംവിധാനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് കൂടുതൽ പ്രൈവറ്റ് അപ്പിയറൻസിന് വിധേയരാകുന്നതെന്നും മികച്ച പഠന നിലവാരം പുലർത്തുന്നവർ പോലും പരാജയപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും യോഗം വിലയിരുത്തി.

ബോയ്സ് ഒൺലി സ്കൂളുകൾ, അൺ എയ്ഡഡ് സ്കൂളുകൾ മുതലായവക്കുള്ള അംഗീകാരവുമായി ബന്ധപ്പെട്ട ശ്രമങ്ങളാവാമെന്ന് യോഗം അഭിപ്രായപ്പെട്ടു.

7.2 വിദ്യാർത്ഥികളുടെ കഴിവും താല്പര്യവും മനസിലാക്കാൻ സീനിയർ സെക്കന്ററി അവസാന വർഷം വ്യവസ്ഥാപിതമായി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകൾ നടത്തണമെന്ന് ബഹു. വി.സി. അഭിപ്രായപ്പെട്ടു.

സിവിൽ സർവീസ് പോലോത്ത മേഖലകളിലേക്ക് വിദ്യാർത്ഥികളെ പാകപ്പെടുത്താനുള്ള പദ്ദതികൾ ആവിഷ്കരിക്കണമെന്നും നിലവിലെ നമ്മുടെ സർക്കിളുകൾ ഇതിനായി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിനായി രജിസ്ട്രാറുടെ കീഴിൽ OGEA കോർഡിനേറ്റർ മുൻകയ്യെടുത്ത് പ്രത്യേക സമിതി രൂപീകരിക്കാനും ധാരണയായി.

7.3 സയൻസ്, മാത്സ് എന്നീ മേഖലകളിൽ നല്ല കഴിവും താല്പര്യവുമുള്ള കുട്ടികൾക്ക് സെക്കന്ററിക്ക് ശേഷം അത്തരം പഠനങ്ങൾക്ക് അവസരങ്ങൾ ഇല്ലെന്ന് ബഹു. റജിട്രാർ അഭിപ്രായപ്പെട്ടു. നിലവിലെ നമ്മുടെ സംവിധാനങ്ങൾക്ക് തടസ്സമാകാത്ത രീതിയിൽ തുടർ പഠനങ്ങൾക്ക് അവസരം നൽകുന്നത് ഉചിതമാകുമെന്ന് അദ്ദേഹം നിർദേശിച്ചു.

7.4 പ്രാവീണ്യരും മികവുറ്റവരുമായ അധ്യാപകരുടെ ദൗർലഭ്യം നമ്മുടെ സംവിധാനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന ആശങ്ക യോഗം പങ്ക് വെച്ചു. കഴിവും പ്രാഗല്ഭ്യവുമുള്ള അധ്യാപകരെ നിയമിക്കുകയും നിലവിലുള്ളവർക്കായി കൂടുതൽ ശാക്തീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യണമെന്നും യോഗം നിർദേശിച്ചു.

അക്കാദമിക് കോർഡിനേറ്റർ അലിഹസൻ ഹുദവി നന്ദി പ്രകാശിപ്പിച്ചു.

വൈകുന്നേരം 4:20 ന് യോഗം സമാപിച്ചു

***Prepared by:***

**Dr. Rafeeq Hudawi Karimpanackal**
*(Academic Registrar, DHIU)*

***Approved by:***

**Dr. Abdurahman Areekadan**
*(Director, DHIU Secondary & Sr. Secondary Education Board)*

DARUL HUDA ISLAMIC UNIVERSITY
Kerala, India 676 306
CHEMMAD, MALAPPURAM